# കേരള സർവകലാശാല

നം.പി.ആർ.183/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സ്ക്രൈബ് പ്രതിഫലം ഉയർത്തി

സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികളിൽ അർഹതയുള്ളവർക്ക് പരീക്ഷാ സഹായിയായി (സ്ക്രൈബ്) പ്രവർത്തിക്കുന്നവർക്കുള്ള പ്രതിഫലം ഒരു പേപ്പറിന് 50 രൂപയിൽ നിന്നും 250 രൂപയായി ഉയർത്തിയിരിക്കുന്നു. ആഗസ്റ്റ് 6 മുതലുള്ള പരീക്ഷകൾക്ക് പ്രസ്തുത വർദ്ധനവ് ബാധകമായിരിക്കും. പരീക്ഷാ സഹായിക്കു നൽകുന്ന പ്രതിഫല തുക പ്രസ്തുത കോളേജുകളിലെ പ്രിൻസിപ്പാൾ/ചീഫ് സൂപ്രണ്ടുമാർ പ്രത്യേകം ബില്ലുകളാക്കി സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

### ഓൺലൈൻ രജിസ്ട്രേഷൻ

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) കോഴ്സിന്റെ സെമസ്റ്റർ രണ്ട് (2014,2011 & 2006 സ്കീം), സെമസ്റ്റർ നാല് (2014,2011 & 2006 സ്കീം), സെമസ്റ്റർ ആറ് (2014 സ്കീം) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ ആഗസ്റ്റ് 21 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 4 വരെയും 125 രൂപ പിഴയോടെ സെപ്റ്റംബർ 6 വരെയും അപേക്ഷിക്കാം. 2011 & 2006 സ്കീമിലുള്ള വിദ്യാർത്ഥികൾ അപേക്ഷകൾ സർവകലാശാലയിൽ നേരിട്ട് സമർപ്പിക്കണം.

### ബി.ടെക് സൂക്ഷ്മപരിശോധന

2017 ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) (റെഗുലർ, പാർട്ട് ടൈം & ട്രാൻസിറ്ററി) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ആഗസ്റ്റ് 14 മുതൽ 23 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.ടെക് പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

### ക്ലാസുകൾ ഇല്ല

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന കോഴ്സുകൾക്ക് ആഗസ്റ്റ് 24 മുതൽ സെപ്റ്റംബർ 2 വരെ ക്ലാസുകൾ ഉണ്ടായിരിക്കുന്നതല്ല.

## സീറ്റൊഴിവ്

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത: പ്രീഡിഗ്രി/പ്ലസ്ടു, കോഴ്സ് ഫീസ്: 7500 രൂപ, അപേക്ഷാ ഫീസ്: 100 രൂപ, കോഴ്സ് കാലാവധി: 6 മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ (രാവിലെ 10 AM മുതൽ വൈകിട്ട് 4 PM വരെ). ഉയർന്ന പ്രായപരിധി ഇല്ല. താല്പര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ CACEE കേന്ദ്രത്തിൽ അസ്സൽ സർട്ടിഫിക്കറ്റും ഫോട്ടോ കോപ്പിയും ഫീസുമായി ഹാജരാകുക. വിശദവിവരങ്ങൾക്ക് 0471-2302523 എന്ന നമ്പറിൽ ബന്ധപ്പെടുക.

## ടൈംടേബിൾ

ആഗസ്റ്റ് 16 ന് ആരംഭിക്കുന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബിരുദ കോഴ്സുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം.
13.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in